വള്ളത്തോൾ കവിത: ഒരു ചികഞ്ഞുനോട്ടം

സി. കെ. മുസ്സത്ത്

വള്ളത്തോളിനെ ശബ്ദസുന്ദരൻ തന്നെ, സംശയമില്ല പക്ഷേ ഇതു പറഞ്ഞ സഹൃദയൻ സത്യം പൂർണ്ണതയിൽ ദർശിച്ചില്ല., അഥവാ പൂർണ്ണമെങ്കിൽ, അതിന്റെ പ്രകാശനം പൂർണ്ണമായില്ല. മഹാകവി ഉപയോഗിച്ച ശബ്ദങ്ങളെക്കുറിച്ചു ധ്വനിയും പന്തിപ്പൊരുത്തവും തികച്ചുണ്ട് എന്നു പറഞ്ഞാൽ കാര്യം കൂടുതൽ ശരിയാകും. ഒരു പൊൻപണിക്കാരൻ എത്ര ശ്രദ്ധിച്ചും മാറ്റുരച്ചും കൃത്യപ്പെടുത്തിയുമാണ് ഓരോ രത്നത്തെയും വിന്യസിക്കുക. അതുപോലെ കണിശനിഷ്കർഷ മഹാകവിയുടെ ഓരോ പദവിന്യാസത്തിലും പ്രകടമായിരുന്നു. 'പ്രാസമുന്നി പ്രയോഗിപ്പതിനെ കഴിയുമോനെങ്കിൽത്ഥഭംഗപ്രസംഗം?' എന്നു ചോദിച്ചതു് എത്ര അർത്ഥവത്തു്? ഓരോ പദവും ഇതരപദങ്ങളുമായി വേഴ്ചാബന്ധത്തിൽ പരസ്പരം സംവദിക്കുമ്പോഴേ മഹാകവിയുടെ തൂലിക വഴങ്ങു. പഴയ വാത്മീകി രാമായണ തർജ്ജമ പില്ക്കാലത്തു് മറിച്ചു നോക്കിയ അനുഭവം മഹാകവി സൂചിപ്പിച്ചിരുന്നു. ചിലടത്തിൽ അർത്ഥപിശകില്ലെങ്കിലും ജീവൻ വന്നിട്ടില്ലെന്ന തോന്നലുണ്ടായത്രേ. അർത്ഥത്തിന്റെ അന്തർധാരയും പദങ്ങളുടെ പൊരുത്തപ്പാടും ഒന്നുപോലെ ദീക്ഷിയ്ക്കാൻ ബോധപൂർവ്വമായ ശ്രമം മഹാകവിയുടേതായിരുന്നു

വൃത്തഭംഗമോ വ്യാകരണപ്പിശകോ, അർത്ഥത്തിനുടവോ ഇല്ലാ എന്ന നിഷേധാത്മകമായ ഗുണം കൊണ്ടു് സംതൃപ്തമായില്ല, വള്ളത്തോൾ പ്രതിഭ. മഹാകവിയുള്ളൂരും മഹാകവി കുമാരനാശാനും വാസനാകവി എന്നു തന്നെയാണു് വള്ളത്തോളിനെക്കുറിച്ചു പറയാറു് ഉള്ളൂരാകട്ടെ, 'തന്റെ പ്രാണസ്നേഹിതനും പ്രസിദ്ധവാസനാകവിയുമായ വള്ളത്തോളിനെക്കൊണ്ടു് ഒരു മിനുക്കുപണി ആദ്യവസാനം നടത്തിയശേഷമാണല്ലോ, തന്റെ മഹാകാവ്യം പ്രസിദ്ധീകരിച്ചതു്. കഥകളിക്കമ്പം പൈതൃകമായി കിട്ടിയതുകൊണ്ടാകുമോ, എന്നു നിശ്ചയമില്ല വീരം ശൃംഗാരം, കരുണം എന്നീ രസങ്ങൾക്കു് പൊലിമ വരുത്താൻ ഒരു ഞെരുക്കവും വള്ളത്തോളിനു അനുഭവപ്പെട്ടില്ല.

മാനം ചേർന്നടനേറെ മിന്നൽ
ചിതറും
കൈവാളിളക്കത്തിലും
മാനേലും മിഴിയാലും മനോര
മണനിൽ
ചായ്ക്കുന്നകൺകോണിലും
സാനന്ദം കളിയാടിടുന്ന
ശിശുവിൻ
തൂവേർപ്പു നിപ്പുകവിയും
സ്ഥാനത്തു നിഴലിച്ച കാൺമു
കവിതേ!
നിൻമജ്ഞുരൂപത്തെ ഞാൻ.

എന്ന ഒരു കുറിപ്പിൽ വ്യക്തമാക്കിയിട്ടുമുണ്ടു്. രൗദ്ര ബീഭത്സ പ്രതീതിയുളവാക്കാൻ മഹാകവി ചിത്രയോഗം പതിനാറാം സർഗത്തിൽ ശ്രമിച്ചിരുന്നു. മലയാളത്തിന്റെ തല എന്ന കൃതിയിൽ ചുടലച്ചെകുത്താനെ വിവരിക്കുന്ന രംഗം ശരിക്കും ഒരു കഥകളിയരങ്ങിന്റെപ്രതീതിയുണ്ടാക്കുന്നുണ്ടു്.

ചെമ്പരത്തിപൂ തോറ്റ
കൺകളും, കവിളൊട്ടി
ച്ചെമ്പിച്ച മീശപ്പുല്ലും
വളർന്ന വദനവും
പാമ്പുകൾക്കൊപ്പം ഞാന്ന
ചെഞ്ചിടപ്പിരികളും
ചാമ്പലെമ്പാടും വാരി
പ്പുശിയ വരവും മെയ്യും
അസ്ഥിയുന്തിയ മാറ-
ത്തസ്ഥിമാലയുമുട്ട-
വസ്ത്രമായ്ക്കാൽ മുട്ടോള-
മെത്തിയ പുലിത്തോലും
പാഴ്വലം കയ്യിലൊരു
തീപാറും ത്രിശൂലവും-
ആവൂ, മുമ്പരങ്ങത്തു
വന്നതല്ലീവൻ വേഷം!

വീര രൗദ്രവൻവേഷങ്ങളെ അരങ്ങത്തെത്തിയ്ക്കാനുള്ള കരുത്തു വള്ളത്തോളിനുണ്ടു്; അദ്ദേഹം കൂടുതൽ വിജയിച്ചതു് കുടുംബാന്തരീക്ഷത്തിൽ പുലരുന്ന മാനുഷിക ബന്ധങ്ങളെ പാകപ്പിഴ വരാതെ പകർത്തുന്നിടത്താണു് എന്നുമാത്രം. ഇതിനു് ഒരു കാരണവും പറയപ്പെടുന്നു. അച്ഛനിൽ നിന്നു കിട്ടിയ കഥകളിക്കമ്പത്തോടൊപ്പം അമ്മയിൽനിന്നു് സ്നേഹവും അമ്മാമൻ രാമുണ്ണിമേനവനിൽ നിന്നു് സംസ്കൃത വ്യുല്പത്തിയും ലഭിച്ചതു് വള്ളത്തോളിൽ ഒരു നിയാമക ഘടകമായി ഏറെക്കാലം തുടർന്നു. പുരുക്കത്തിൽ കുടുംബ ബന്ധ സീമിതമായിരുന്ന

മഹാകവിയുടെ ആദ്യകാലാനുഭവങ്ങളും ഉൽകൃഷ്ട വിദ്യാഭ്യാസമോ വിദേശ യാത്രയോ തരപ്പെടാതെ കൗമാരകാലം കഴിഞ്ഞു; 25-ാം വയസ്സിൽ സേതു സ്നാനത്തിനു വേണ്ടിയാണത്രേ വള്ളത്തോളും നാടുടെ സ്വദേശം വിട്ടുന്നത്. ഏഴു കൊല്ലം കഴിഞ്ഞു ബാധിര്യ ചികിത്സയ്ക്കു മദിരാശിയിൽ മൂന്നാഴ്ച പാർത്തു; 49-ാം വയസ്സിൽ മദിരാശിയും അടുത്തവർഷം കൽക്കത്തയും സന്ദർശിച്ചത് കോൺഗ്രസ്സ് സമ്മേളനങ്ങളിൽ സംബന്ധിയ്ക്കാനുമായിരുന്നു. തന്നിമിത്തം കുടുംബ സാഹചര്യങ്ങളും, പുരാണകഥകളും, ഗാന്ധിജി–ഇത്രമാത്രമായി ചുരുങ്ങി അദ്ദേഹത്തിന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയ നിയാമകഘടകങ്ങളും. ബധിരവിലാപം, ബന്ധനസ്ഥനായ അനിരുദ്ധൻ, ഗണപതി, ശിഷ്യനും മകനും, അച്ഛനും മകളും, വിഷ്ണുക്കണി, ഓണപ്പുടവ, പരലോകം തുടങ്ങിയ ശീർഷകങ്ങളും ഈ വസ്തുതയെ വിളിച്ചോതുന്നു.

ചോദിയ്ക്കുമായിരിയ്ക്കാം, അദ്ദേഹം മഗ്ദലനാമറിയം, എഴുതിയില്ലെ എന്നു്, എഴുതി എന്നതു് ശരി. അഭിജാതരായ മലയാളി ക്രിസ്ത്യാനികൾക്ക് അവരുടെ നിത്യപാരായണ ഗ്രന്ഥമായ ബൈബളിനെ ഉപജീവിച്ചു് ഒരു സാഹിത്യകൃതി വേണമെന്നുള്ള അഭ്യർത്ഥനയനുസരിച്ചു് എഴുതപ്പെട്ട കൃതിയാണതെന്നു് ചിത്രമെഴുത്തു കെ. എ. വറുഗീസ് തന്റെ അവതാരികകൊണ്ടു് വ്യക്തമാക്കിയിരുന്നു. വള്ളത്തോൾ മഗ്ദലനാമറിയത്തെ വിവരിച്ചതു് ഒരു കേരളീയ വനിതയെ മുമ്പിൽ കണ്ടുകൊണ്ടു മാത്രമായതിനു് ആരെയും കുറ്റപ്പെടുത്തിക്കൂടാ.

കെട്ടഴിഞ്ഞോമന പൃഷ്ഠം
ഭോഗത്തെയും
പുഷ്പനിതംബപ്പരപ്പിനേയും
മൂടിക്കിടക്കുന്ന സുനിശ്ചമാം
കാർകുഴൽ,
നീട്ടുറ്റ നീലത്തഴുടെ തുല്യം.
ഇക്കുരിരുൾച്ചുരുൾ തൊട്ടഴിയുന്നിതോ
തുക്കരം കൊണ്ടിരുൾ പോക്കും
ചന്ദ്രൻ!

അത്രപോകട്ടെ, ആദ്യത്തെ പതിപ്പിൽ 'മറിയം' എന്ന പേരുകൂടി ഉൾക്കൊള്ളിച്ചിരുന്നില്ല. 'കേഴമാൻ കണ്ണാൾ' മാത്രമായിരുന്നു അന്നുണ്ടായിരുന്നതു്. മാത്രമല്ല, ക്രിസ്തുദേവൻ അമീത്തിനിരിക്കുന്നതൊന്നു നോക്കൂ:

ചിത്രവർണോജ്വലപ്പട്ടുവിരിപ്പിൽത്തൻ
മിത്രങ്ങളൊത്തു മീത്തിനിരുന്നാൻ
ചമ്പകകേളികൂന്മാദിപുഷ്പങ്ങളെ
മാടം ചിന്നിയ വന്യദ്രുവിൽ
അമ്പാടി തന്നിലെ ചങ്ങാതിമാരൊന്നിച്ചമ്പാടും ഗോവിന്ദനെന്ന പോലെ.
കാൽകംപിപ്പോട്ട മടക്കിത്തൃപ്പൊൻ ചുമലം
താഴ്കെയിടം കൈ വിരിപ്പിലൂന്നി
തെല്ലിടത്തോട്ടുചാഞ്ഞുൺമാനിരിപ്പായി
സല്ലീലനീശ്വരൻ നിത്യതൃപ്തൻ

കുന്നക്കുളത്തുകാരായ നസ്രാണികാരണവന്മാർ ഇങ്ങിനെ ഉണ്ണാനിരിയ്ക്കുന്നതു് വള്ളത്തോളും കണ്ടിരിയ്ക്കും. എന്നാൽ മഹാത്മാ ഗാന്ധിയുടെ അന്ന പ്രചാരത്തിലിരുന്ന ഏതാട്ടശ ചിത്രമായിരിയ്ക്കണം, ക്രിസ്തുദേവന്റെ ഇരിപ്പു വിവരിക്കുമ്പോഴും മഹാകവി ഓർമ്മിച്ചിരിയ്ക്കുക എന്നു സംശയിയ്ക്കും. ക്രിസ്തുവിന്റെ വേദോപദേശം കൃഷ്ണന്റെ വേണുഗാനം പോലെ ചുറ്റുമുള്ളവരിൽ അലൗകികാനുഭൂതിയെ ഉളവാക്കി.

യാതൊരു പർവ്വതത്തിങ്കലോ
ഭക്ഷണം
യാതൊന്നുമില്ലാതെ നാല്പതു
നാളും
ധ്യാനം കൊണ്ടാത്മാവെയാത്മാ
വിൽ കണ്ടുകണ്ടാനന്ദലീനനായ് കന്യാ
പുത്രൻ
വൻതപം ചെയ്ത ഹിമാലയ
സാനുവിലന്തക സൂനു സ്വാമിപോലെ.

ഭാരതവർഷത്തിലെ പൂർവ്വരാ മഹർഷീന്ദ്രന്മാരുണ്ടാക്കിയ പുരാണങ്ങളോട് ഒരു തരം ആരാധനാഭാവം വള്ളത്തോളിന്റെ ഉള്ളിനുള്ളിൽ കുടിക്കൊണ്ടിരുന്നു. കാരണവരെപ്പോലെ കണ്ണുരുട്ടി ശാസിച്ചു. അമ്മയെപ്പോലെ കൈപ്പുപിടിച്ച നിറുത്തിയും, കാന്തയെപോലെ അനുനയ രീതികളും പ്രയോഗിച്ചു. പുരാണങ്ങളും തനിയ്ക്കു മാർഗ്ഗ ദർശനം ചെയ്യുകയാണെന്നായിരിയ്ക്കുണം മഹാകവിയുടെ വിശ്വാസം. പിലിക്കാലത്തു് ത്രിവർണ്ണ പതാകയെ വിവരിച്ചപ്പോഴും 'വാസുദേവ വക്ഷസ്സിലെ വനമാല'യുടെ വർണ്ണ ശബളിമയെ അനുസ്മരിച്ചതും പുരാണ സ്വാധീനത്തിന്റെ അവശിഷ്ടമാകണമല്ലോ.

പുരാണങ്ങളുടെ അന്തസ്സുത്ത പരമാവധി ഉൾക്കൊള്ളാനും കാവ്യരചനാ കാലങ്ങളിൽ തനതായ കാഴ്ചപ്പാടു് നിലനിർത്താനും വള്ളത്തോളിനു് സാധിച്ചു. മനശ്ശാസ്ത്രപരമായ ഔചിത്യ ദീക്ഷയും വിവേചനാ വൈഭവവും പ്രധാനം തലശ്ശേരിയിൽ കൂടിയ ഭാഷാ പോഷിണി സമ്മേളനത്തിൽ വെച്ച ഗതാനുഗതികത്വം വലിച്ചെറിയാൻ മറ്റു കവികളെ ഉൽബോധിപ്പിച്ചതു്. ഓർത്തുപോകയാണു്, "ചില പത്രങ്ങളുടെ കോളങ്ങളും അശ്ലീലമല്ലാതാക്കാനെ പത്രാധിപന്മാരെ പ്രീതിപ്പെടുത്താനും മാത്രമേ പഴയ അച്ചിൽ വാർത്ത ശ്ലോകങ്ങളും ഉപകരിച്ചുള്ളു. പ്രാചീന കവികളുടെ രീതിയെ അനുസരിച്ച നമ്മുടെ കവികളും സ്വകൃതികളിൽ അസാ

ധാരണങ്ങളായ അലങ്കാരങ്ങളും മാറും തട്ടി വിട്ടുന്നത് ഒരു ദോഷമാണ്....മിസ്സ് ശ്ലോകങ്ങളിലും പ്രകൃത്യനുസരണങ്ങളായ വർണ്ണനം ഇല്ലാതെ പോകുന്നു. ചന്ദ്രോദയത്തിന്റെ പ്രധാന ലക്ഷണമായി നമ്മുടെ കവികൾ കാണിച്ചുവരുന്നത് ഇണയോട് പിരിഞ്ഞ ചക്രവാകപ്പിടയുടെ സന്താപവും ആമ്പൽപ്പൂവിന്റെ വികാസവും എന്നിങ്ങനെ രണ്ടേ രണ്ടവസ്ഥകളാണ്."

ഗതാനുഗതികത്വത്തിന്റെ പ്രഹതപന്ഥാവു വിടണം വിദേശ സഞ്ചാരാനുഭവങ്ങൾ കൈവന്നിട്ടുണ്ടില്ല. ഈ സാഹചര്യത്തിൽ കുടുംബികമായ ബന്ധങ്ങളെ പുതിയ അർത്ഥ കല്പനയോടെ തന്റെ കവിതയിൽ പ്രതിഫലിപ്പിക്കുകയല്ലാതെ മറ്റെന്തു മാർഗ്ഗം? കല്പനകളും ചൂടോടെ അടർത്തിയെടുത്തവയാകയാൽ മലയാളികൾക്കെല്ലാം രുചിപ്രദവുമായി. ദുഷ്ടാന്തത്തിനു ശിഷ്യനും മകനും എന്ന കൃതിയിൽ യുവതാപസവേഷത്തിൽ പരശുരാമൻ കൈലാസം ലക്ഷ്യമാക്കി അന്തസ്സോടെ നടന്നുപോകുന്നു. പാതയുടെ ഇരുവശമുള്ളവർ കൺകുളിർക്കെ ആ വ്യക്തി പ്രാവേത്തെ ആസ്വദിച്ചു.

അമല സൂക്ഷ്മനാമവങ്കൽയക്ഷ-
പ്രമദകം സസ്പൃഹ വീക്ഷ
ങ്ങളാലെ
കമലദള വിശാലമാലചാർത്തി
സ്വമനസി, തദ്വിധ പുത്ര
ലബ്ധിനേർന്നു.
ഇരുവശവുമിരിക്കുവോരെ
ണീറ്റു
തെരു തെരെയധ്വഗർ മാറി
നിന്നു ദൂരാൽ
ഒരു ഭയ ബഹുമാന ഭക്തി
തിങ്ങി
ത്തെരുവതു ഹന്ത! നിതാന്ത
ശാന്തമായി.

എത്ര അനുഭവ ചടുലമായാണ് ആ രംഗം ഒരു റണ്ണിങ്ങ് കമന്ററി യീലെന്നപോലെ നമുക്കു വിവരിപ്പുതരുന്നത്. തങ്ങൾക്കു ഒരു കുഞ്ഞുണ്ടാവുന്നത് പരശുരാമനെപ്പോലെവേണം എന്നു പ്രാർത്ഥിച്ചു ഏന്നതു എത്ര സ്വാഭാവികം! ഒരു കുടുംബാന്തരീക്ഷത്തിൽ നടക്കുന്നപോലെയാണ് ഗണപതിയും പരശുരാമനും തമ്മിലുള്ള ഏറ്റുമുട്ടൽ! മുറിവേറ്റു കിടക്കുന്ന ഗജാസ്യനെക്കണ്ട് ക്ഷോഭിച്ച വശാവുകയാണ് പാർവ്വതി!

ഉടൻ മഹാദേവി ഇടത്തുകയ്യാ--
ലഴിഞ്ഞവാർകുന്തളമൊ
ന്നൊതുക്കി
ജ്വലിച്ച കൺകൊണ്ടൊരു നോ
ക്കുനോക്കി
പാർശ്വസ്ഥനാകും പതി
യോടരച്ചു:
"കിട്ടീലയോ ദക്ഷിണ വേണ്ട
വോളം
വിശിഷ്ടനാം ശിഷ്യനിൽ
നിന്നിദാനീം?
ദിവ്യായുധം വല്ലതുമുണ്ട ബാക്കി
യെന്നാലതും നൽകിയനു
ഗ്രഹിക്കാം!"

അങ്ങിനെ പ്രക്ഷുബ്ധമായ കുടുംബാന്തരീക്ഷം തണുപ്പിക്കുന്ന മുരളീരവത്തോടെ ഒരന്ത്യതാത്മാവു മൊരന്ത്യതാംഗിയും അവിടെ അറുവീഴുന്നു!

പരസ്പരം കൂട്ടികയ്യം കാട്ട
കാട്ടിയാ-
ലൊരമ്മയിത്രയ്ക്കരിശ
പ്പെടാവതോ
ഹരങ്കലാര്യെ! ഭൃഗുസൂനു
ശിഷ്യനാ.
യൊരന്നു തൊട്ടണ്ണികയം
മുവരായ് തവ.
നിനസ്സുണം പുത്രരിൽ മീതെ
യായിയും
കനത്ത വാത്സല്യമൊടിക്കു
മാരനെ:
നിനക്കു ഗർപ്രേസവാദി
പീഡയാൽ
മനം കലങ്ങാതെ ലഭിച്ച
കുഞ്ഞിവൻ.

ഭർത്തൃശിഷ്യനെ പുത്ര നിർവിശേഷം സ്നേഹിക്കാൻ ഉപദേശിച്ചുറപ്പിച്ചശേഷമാണ് 'മഹർഷിഗോ ലോകനികേതനത്തിലെ ഗൃഹസ്ഥര ശാശ്വത ദമ്പതിശ്വരർ' സ്ഥലം വിട്ടുന്നത്.

ഒരരിപ്പിറാവ് തന്റെ വീടു മുറത്തു പറന്നെത്തേണ്ട താമസം, അതിനെ ആതിഥ്യ മര്യാദയോടെ സ്വീകരിയ്ക്കാൻ വള്ളത്തോളും പ്രതിഭ കനിഞ്ഞൊരുങ്ങുന്നു. ഒരു ശിക്കാറിയെങ്ങാൻ ഒരു കിളിയെ വെടിവെച്ചു വീഴ്ത്തിയാൽ ആ ക്രൂരകൃത്യം കൊണ്ടനാഥമായ ഇണപക്ഷിയെ സമാശ്വസിപ്പിയ്ക്കാനും നാരായണമേനോന്റെ തിരുനാരായം തയ്യാറാവുന്നു.

അകാലവൈധവ്യമണ
ഞ്ഞൊരമ്മ;
പുത്രം മുളയ്ക്കാത്ത കുറെ
ക്കിടാങ്ങളും
ഹേ ദുഷ്ട ശിക്കാറി! ഭവാ
നൊരുണ്ട
കൊണ്ടിക്കുടുംബം മുഴുവൻ
തകർത്തു.

സാഹിത്യ കുടുംബക്കാരണവരായ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ നിർണ്ണയത്തിൽ മഹാകവി വിലപിച്ചതോ?

ഇബ്ഭാഷയാകും തറവാട്ടിൽ
മുന്നേ
നേരിട്ട ദാരിദ്രമകറ്റുവാനായ്
പലേതര. നവ്യസുഭ്യകാവ്യ
ദ്രവ്യങ്ങളുണ്ടാക്കിയസച്ചരിത്രൻ
എന്നായിരുന്നു. അതുപോലെ തിരൂർ – പൊന്നാനി പുഴയിലൂടെ തോണി യാത്രചെയ്യുമ്പോഴും, ഒരു കാരണവർ കുഞ്ഞിനോടു പറയുന്ന ശൈലിയിൽ മലയാള ഭാഷയോടു പറയുന്നു.

ഇതാ, കിഴക്കെക്കരയിൽ
പറമ്പൊ-
ന്നൊരാലയത്തിൽ തറയൊ
ത്തു കാൺമു
മറ്റെന്തിതിൻ നേർക്കു
നമസ്ക്കരിയ്ക്കു
സാഷ്ടാംഗമായ് നീ, മല
യാള ഭാഷേ!

അമ്പത്താറാം വയസ്സിൽ, മുമ്പു

സൂചിപ്പിച്ചപോലെ, കഥകളി സംഘവുമായി മലയായിലേയ്ക്കുള്ളതന്റെ ആദിമകപ്പൽ യാത്രയ്ക്ക് മദിരാശിക്കടപ്പുറത്തുചെന്നപ്പോഴാണ് മഹാകവി ഓർത്തുപോകയാണ്, "കിഴക്കൻ കടലും പടിഞ്ഞാറൻ കടലും ഒരേ തറവാട്ടിൽ പെട്ടന്ന ഇരുതാവഴിക്കാരാണല്ലോ എന്ന്", ഉടൻകയറി കിഴക്കൻ കടലിനോട് കുശലം പറയുന്നു.

പ്രാച്യസമുദ്രമേ! പശ്ചിമം
ബോധിതൻ
പാർശ്വസ്ഥനാ മിബ്ധിരന്റെ
നേർക്കു നീ
ഹാ! നിൻ സുഹൃത്തിനു സൗഖ്യ
മോ എന്നല്ലി
ആംഗ്യങ്ങളാം കാട്ടുന്നു വീചി
ഹസ്തങ്ങളാൽ!

അങ്ങനെ അയൽപക്കത്തിന്റെ കുടുംബ ബന്ധങ്ങളുടേയും സാഹചര്യത്തിലാണ് യാത്രാനുഭവങ്ങളെ കൂടി അവതരിപ്പിക്കുന്നത്!

മഹാത്മാഗാന്ധിയെ ഗുരുനാഥനായി വിവരിക്കുമ്പോഴും ലോകമേ തറവാട്, തനിക്കി ച്ചെടികളും പുൽകളും പുഴക്കളും കൂടിത്തൻ കുടുംബക്കാർ" എന്നാണ് വള്ളത്തോളിന്റെ സമീപനം ഗാന്ധി ദർശനത്തിന് 1924-ൽ വള്ളത്തോളും വൈക്കം സത്യാഗ്രഹ കുമ്പിലെത്തുന്നു. ആയിരമായിര മാണ്ടിനുമപ്പുള്ള ആദർശ ലോകത്തിലെ സത്യംസമതപം സൗഭ്രാത്രം എന്നിവ പുലർന്ന പ്രതീതിയാണ് വേമ്പനാടുകായലിലൂടെ വഞ്ചി വൈക്കം ജട്ടിയോടടുത്തപ്പോഴും അനുഭവപ്പെട്ടത്. ചിരകാല ശാപമായ ബാധിത്യം കൂടി വിട്ടു പിരിഞ്ഞ ഒരനുഭൂതി വിശേഷം!

വൈക്കത്തെ യമ്പലത്തിനു,
ള്ളിൽ നിന്നുടൻ
കേളംക്കായി മന്ദ്രമാം യാമശംഖ
സ്വനം
എന്നാശതൻ ജയശംഖൊലി
താനെന്നി
തെൻ നെഞ്ഞുന്നുത്തം ചവുട്ടി
തെരു തെരേ.

മിത്രങ്ങളെ! ലോകയാത്രയിൽ
മുമ്പെത്ര
എത്രരാക്കായൽ കടന്നിരി
ക്കുന്നു ഞാൻ
എന്നാൽ ശരിയാം പ്രഭാതത്തി
ലെൻവഞ്ചി
ഇന്നാണു നൂനമണഞ്ഞ
തൊന്നാമതായ

വിശ്വാമിത്രൻ, ഭീഷ്മ പിതാമഹൻ, മൈറിലേശൻ, വിദുരൻ തുടങ്ങിയ വിഭിന്ന പുരാണനായകൻമാരിൽ ചിതറിക്കാണുന്ന വൈശിഷ്ട്യങ്ങളും ഒത്തു ചേരുന്ന അത്ഭുതദൃശ്യമത്രേ ഗാന്ധി ദർശനത്തിൽ മഹാകവിയ്ക്കു ലഭിച്ചത്. ഭക്തജനങ്ങളും ആകട്ടെ, വ്യാഘ്രാലയേശ്വരൻ പ്രത്യക്ഷമായാലുള്ള ഉഴറോടെ സ്ഥലത്തേയ്ക്കു കുതിക്കുന്നു.

മണ്ടിവരുന്ന തെഴുന്ന കിടാ
ങ്ങളെ
ക്കൊണ്ടു തൊഴുവിച്ചിടുന്ന
ജനോൽക്കരം.

തങ്ങൾക്കു ലഭിച്ച അപൂർവ്വ ഭാഗ്യം വരും തലമുറകൾക്കു കൂടി ലഭ്യമാക്കാനുള്ള അഭിവാഞ്ഛ തന്നെ. അങ്ങിനെ ആയിരമാണ്ടുകളും മുമ്പു തൊട്ട് എനിക്കും ആയിരമായിരം ആണ്ടുകളോളം പ്രശോഭിച്ചുക്കൊണ്ടിരിക്കുവാനുള്ള ദിവ്യതേജസ്സിന്റെ സാമീപ്യത്തിൽ "ശുദ്ധമേ താമസനാമെന്നിലും, തെല്ല് സത്യാഗ്രഹാംശം പൂണ്ടതായ് തോന്നിമേ" എന്നു വള്ളത്തോളും അന്നെഴുതി ഗാന്ധിജിയുടെ മരണത്തിൽ പണ്ഡിത്ജി വിലപിച്ചതും ഈ ശൈലിയിലായിരുന്നല്ലോ: The' light has gone out, I said and yet I was wrong For the light that shone in this country was no ordinary light. The light that illumined this country for there many years will illumine this country for many more years and a thousand years later that light will still be seen in this country". ദശകങ്ങളോളമുള്ള അടുത്ത പരിചയത്തിന്റെ ഫലമായി പണ്ഡിത്ജിയുടെ ഉത്തേജനം മഹാകവിയുടെ എഴുത്തുവേഗമനുഭവപ്പെട്ടു!

ഭക്ഷണം വിഷയങ്ങളും കൈകാര്യം ചെയ്യുന്നിടത്തും കുടുംബ ബന്ധത്തിന്റെ കാഴ്ചപ്പാട് മഹാകവി ഒഴിവാക്കാറില്ല.

അമ്മതൻ മെയ് ചാരി നിൽ
പ്പോനെ ലോകത്തി-
ന്നമ്മയ മച്ഛനമായവനേ
എന്നാണ് പെറിയ പാൽപ്പാത്രവുമായി പാലിനുവേണ്ടി കാത്തുനിൽക്കുന്ന അമ്പാടിക്കണ്ണനെ അഭിസംബോധന ചെയ്യുന്നത്. ചിൻ മുദ്രയായി ശബരിമലയിൽ സന്നിധാനം ചെയ്യുന്ന ധർമ്മശാസ്താവിനെപ്പറ്റി ശരണമയ്യപ്പാ എന്ന കൃതിയിൽ പറയുന്നു.

അച്ഛനെ പ്പോലെ യേകാന്ത
രമ്യമാ-
മുച്ചശൈലത്തിൽ വാഴും ഭഗ
വാനേ!
ത്വച്ചരണങ്ങൾകണ്ടുവണങ്ങുവാ
നിച്ചപൂണ്ടു കുതിച്ചു നടക്കു
മ്പോഴും
കൂർത്തു മൂർത്തതൻ മുള്ളുകയം
കൊണ്ടതി
മാത്ര ദുർഗ്ഗങ്ങളീവന മാർഗ്ഗ
ങ്ങളും
താവകരായ ഞങ്ങൾതൻ കാൽ
കയ്ക്കു
പൂ വിരിച്ചവ പോലത്രേ
തോന്നുന്നു.

അലൗകികാനുഭൂതിയുടെ ആത്മീയാനന്ദം ഉണരുമാറു തന്നെയാണ് അത്തരം രംഗങ്ങളെ വിവരിക്കേണ്ടത് സംശയമില്ല. സ്ഥൂലാസ്ഥി പാർശ്വങ്ങളുയർന്ന താഴ്ന്ന തരത്തിൽ കിതച്ചുകൊണ്ട് കോലായിലേതാണ്ട നമസ്ക്കരിച്ചപോലെ മുൻകാലുകളും നീട്ടിക്കിടക്കുന്ന വൈവാശ്യമാർന്ന നാടൻ നായുടെ രൂപം, പതഞ്ഞ വെള്ളം പഥി വായിൽ നിന്നു തറയിൽ വീഴ്ത്തിക്കൊണ്ടു നീങ്ങുന്ന കന്നാലികളുടെ പിറകിൽ നുകം കരിക്കോലിവ തോളിലും വെച്ച്

വയൽ വിട്ടവരുന്ന കൃഷീവലൻ-
എല്ലാം ഗ്രാമീണ കേരളത്തിലെ
കുടുംബ ജീവിതത്തോട് ഒട്ടി നി
ല്ക്കുന്ന പ്രരൂപങ്ങളം മാത്രം

പ്രഭാതത്തെ ഉമ്മറം തുക്കുന്ന
വേലക്കാരിയായി സങ്കൽപ്പിയ്ക്കു
മ്പോഴം ശുക്രൻ കൈവിളക്കാകു
ന്നു., നക്ഷത്രങ്ങളം ഇന്നലെ രാവു
പയോഗിച്ച പൂക്കളം, നാനാവി
ഹംഗനാദം വേലക്കാരിയുടെ കങ്ക
ണ കാണവും, ആറുനൂറായിരം ഗ
മ്യങ്ങളുടെ മേൽത്തട്ടം കീഴ്ത്തട്ടം
സംശ്ലേഷമായി സൂക്ഷിയ്ക്കുന്ന ആ
പരാശക്തിയ്ക്കു കൂപ്പുകൈ അർപ്പി
ച്ചുകൊണ്ടാണ് പ്രഭാത ഗീതം സ
മാപിയ്ക്കുന്നത് സായങ്കാലദൃശ്യം
കുടിവീടിന്റെകോലായിലിരുന്ന
വീക്ഷിയ്ക്കാനാണമഹാകവിയ്ക്കിഷ്ടം

അരുണൻ ചരമാദ്രിസാനു
വിൽച്ചെ-
ന്നരുളമ്പോഴം സദനാങ്കണ
ത്തിൽ ഞാനം
ഒരു ചാരുകസേരയിട്ടിരു
ന്നേൻ:
ഇരുപേരും തുടരുന്നതാന്ന
താനോ.

തന്റെ സായങ്കാല പരിപാടി,
ആകാശത്തു പകർന്ന കാണുന്നതി
ൽ മഹാകവിയ്ക്ക് ആനന്ദമുണ്ട്.
സൂര്യനെ അഭിസംബോധന ചെ
യ്ത കവി പറയുന്നു, സൂര്യനും ഒരു
കവിയാണല്ലോ എന്ന്.

ജലജപ്രിയ, നാളതോറു മത്യു-
ജ്വലമാംഗോത്തിയാൽ
കവീശ്വരൻ നീ
അലഘു പ്രകൃതി പ്രശസ്തി
കാണി-
ച്ചുലകിന്നെത്രയുണർച്ച
നൽകിടുന്നു!

പക്ഷേ താൻ പൗരാണിക കവീ
ശ്വരന്മാരിൽനിന്ന് ഭിന്നനായി
ദർഭപ്പുൽ വിരിച്ചിട്ട ചാരുകസേ
ലയിൽ അലസശയനം ചെയ്യുന്ന
തു കൊണ്ടാകുമോ വാണിമാതി
ന്റെ അനുഗ്രഹം കുറഞ്ഞുവരുന്ന
ത് എന്ന് കവി സംശയിയ്ക്കാ
തില്ല-

ചടവാർന്നൊരു തുവ്വലെന്റെ
മുമ്പിൽ-
ക്കടലാസ്സാം വിരിയിൽ
ക്കിടന്നിരുന്നു;
സ്ഫുടമെൻ കൃതി നൽ
കിടും മുലപ്പാ-
ലുടനെന്നാശ്രിശ്രുവാശ പൂ
ണ്ടിരിയ്ക്കാം.

കവി ക്രിയാശയാൽ തന്റെ തല
പുകഞ്ഞു കൊണ്ടിരിയ്ക്കുകയാ
ണ്. ആശയം മനസ്സിൽ ചേ
ക്കേറിയിട്ടുണ്ടെങ്കിലും സമുചിത
രൂപത്തിൽ കടലാസ്സിലാക്കാ
ൻ കാലമായിട്ടില്ല. തന്റെ മന
സ്സിലെ പുകയാണ് വാസ്തവ
ത്തിൽ വെളുത്ത കടലാസ്സിനെ
കറുപ്പിയ്ക്കുന്നത് എന്നു വിനീ
തനായി കവി സംശയിയ്ക്കുന്നു.

ഇടർതേടുമിവങ്കൽ നിന്നിരു
ട്ടിൻ
പടലം ചെറു വെളിയ്ക്കു
വീണു ചിന്നി
സ്ഫുടവെൺമ വഹിച്ചി
രുന്നതാമെൻ
കടലാസ്സിന്നു കറുപ്പി
യറിമുറ്റും.

താൻ കുത്തിക്കുറിച്ച കടലാസ്
മടക്കിവെച്ചു. അതിനെപ്പറ്റി പറ
യുകയാണ്: "പുറമാകെ വെളുപ്പ
കുത്തു കാറിൻകറ, കൊള്ളാമിതി
നില്ല തോൽവി പാരിൽ!" അതി
നിടയ്ക്കു ആകാശത്തു പെറിയ ഒരു
വികടം സംഭവിക്കുന്നു

കവിയാം കതിരോന്റെ
ചെമ്മഷിച്ചെ-
പ്പുവിടെത്തട്ടി മറിഞ്ഞു
വീണുപോയോ;
ഛവി മാറിയാ മുകന്നി
തങ്ങി-
ങ്ങവിടത്തെ ത്തിരുമുമ്പിലഴ്ന്ന
പത്രം!

ആ സൂചന കണ്ടാണോ എന്നറി
ഞ്ഞുകൂടാ തന്റെ ഓമന മകനം
ഓടിയടുത്തെത്തുന്നു; അവ നുവേ
ണ്ടത്ര തന്റെ കവിതക്കടലാസ്സുമാ
ത്രമാണ്. വേഗമെടുത്തു പോക്ക
റ്റിലിടാൻ ചെയ്ത ശ്രമം വിഫല
മായി. കുട്ടൻ അത് തട്ടിയെടുത്ത്

'തോന്നും പടി തന്റെ ഭാഷയിൽ
ത്താൻ' വായിയ്ക്കുയും ഉണ്ടായി.

ഒരു താമസവും വരുത്തിയില്ലാ
വിരുതൻ; വായന തീർന്നതോ
ടുകൂടി;-
അരുതെന്നതു ഞാൻ വിലക്കി
യാലെ,
ന്തിരുനൂറായി നുറുങ്ങി മൽ
പ്രയത്നം!

ജനകന്റെ കവിത്വ ഗോഷ്ഠി
നാനാ-
ജനമീക്ഷിപ്പതവന്നു സഹ്യമാ?
തനതാം കടലാസ്സുകീറൽ
കൊണ്ടി-
ക്കനക ക്കൈമലർ നൊന്തതില്ല
യല്ലീ?

അതിനിർഗ്രണമാണ് തന്റെ കൃ
തിഎന്ന കാരണത്താലാകം വരും
തലമുറയുടെ പ്രതിനിധിയായ ത
ന്റെ കുട്ടൻ അത് തട്ടിയെടുത്തു
പിച്ചിച്ചീന്തിയത്. തന്റെ വീട്ട
മുറത്തുണ്ടായ രംഗം ആകാശവും
ആവംപടി അനുകരിച്ചരങ്ങേറുക
യാണല്ലോ.

അമരപുരിയിലെ ക്കിടാങ്ങളം
ഹാ,
മമ മകനെ ക്കളിക്കൊണ്ടു പിൻ
തുടർന്നോ?
സമ മുപരി പഥത്തിലങ്ങു
കാണായ്
വിമല മുകിൽ ക്കടലാസ്സും
തുണ്ടനേകം!

കവി സമാധാനിയ്ക്കുന്നതിങ്ങനെ
യാണ്. കാലം മുന്നോട്ടു നീങ്ങു
ന്നു. തന്റെ കവിത കുടലാസ്സും
കീറലിൽ ആനന്ദം കൊണ്ടവരും
തലമുറയ്ടെ കൈവിരൽത്തുമ്പിൽ
മിന്നിയ കാവ്യാംശം ആകാശം
പകർത്തി യെടുക്കാതിരിയ്ക്കുയില്ല
കനകാക്ഷരങ്ങളിൽ.

തുലം പോലത്ര സാരോജത്ഥത
മീവനെഴുതി
ക്കൊണ്ടതൊട്ടുക്ക ഭാഗ്യ-
ത്താലന്നന്തിക്കളിർക്കാറടി
യിലവശമാം
മാറ്റ പാറിപ്പറന്നു!
ബാലൻ തൻപേലവക്കൈ വി
രലുകളിൽ വെളി-

സ്പോർട്ട്സ് രംഗത്ത് പുതിയ പ്രതിഭകളെ കണ്ടെത്താൻ....

* വിവിധ സ്പോർട്ട്സ് വിഷയങ്ങളിൽ പരിശീലനം നൽകാൻ സ്പോർട്ട്സ് സ്കൂൾ
* ദേശീയമൽസരങ്ങളിൽ വിജയിക്കുന്ന അത്ലറ്റുകൾക്ക് ധനസഹായവും അവാർഡുകളും
* മികച്ച സ്പോർട്ട്സ്താരങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് സീറ്റ് സംവരണം
* ഉദ്യോഗ നിയമനങ്ങളിൽ പ്രത്യേക പരിഗണന; ഉന്നത പഠനത്തിനു സ്കോളർഷിപ്പുകളും.
* പ്രഗത്ഭരെ കണ്ടെത്താൻ, വാർത്തെടുക്കാൻ സ്കൂൾ – കോളേജ്തലത്തിൽ പ്രത്യേക പരിശീലകർ
* താരങ്ങൾക്ക് വാർഷിക സമ്മർ കോച്ചിംഗ് ക്യാമ്പുകളും.
* കേരളത്തിൽവച്ച് നടക്കുന്ന ദേശീയ മൽസരങ്ങൾക്ക് 'ഗ്രാൻറ്'

പബ്ളിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ

Grams: MACHOUSE

Phone: 23844

INDUSTRIAL EQUIPMENT COMPANY

KURUPPAM ROAD, TRICHUR 680 001

Authorised Dealers in:

"GULMARG" — Refrigerators,
Air Conditioners,
Air Coolers,
Deep-Freezers,
Water Coolers, etc.,

(Manufactured by: M/S. Kelvinator of India Ltd.)

പ്പെട്ട സൽക്കാവ്യമോ തൽ
ക്കാലം താൻ കത്രതാരാകനക
ലിപികളിൽ
ദിവ്യ രാരോ പകർത്തീ!

തന്റെ കൃതിയ്ക്ക ഏതാനും നി
മിഷനേരത്തെ ആയുസ്സെങ്കിലു
മുണ്ടായി. കവിയാം കതിരോ
ന്റെ ശ്രമം ആരംഭിയ്ക്കുന്നതിനു
മുമ്പുതന്നെ മഷിക്കുപ്പി തട്ടിയിട്ട
കയും കടലാസ് പിച്ചിച്ചീന്തുക
യും ഉണ്ടായി എന്നതും കാറ്റിൽ
പറന്ന കവിതയിൽ അനുസ്മരി
യ്ക്കപ്പെടുന്നുണ്ട്. കർമ്മി ബ്ദം
സൂര്യപര്യായങ്ങളിൽ പെട്ടമെ
ന്ന് കവന കൗമുദി പത്രാധിപർ
അടിക്കുറിപ്പായി അന്ന് ചേർ
ത്താണ് ഈ പദ്യം പ്രസിദ്ധപ്പെട
ത്തിയിരുന്നത് (1097 ചിങ്ങം ല
ക്കത്തിൽ). കവിതയെഴുത്തിനി
രിയ്ക്കുമ്പോഴും, താൻ കേന്ദ്രമാ
യാണ് ബ്രഹ്മാണ്ഡം മുഴുവൻ കു
റങ്ങുന്നതെന്ന തോന്നൽ കവിയ്
ക്കുണ്ടാകുകയാണ്; ബ്രഹ്മാണ്ഡ
മാകട്ടെ ചിലപ്പോഴും തനിയ്
ക്കൊരു കേളീഗൃഹമായും അനുഭവ
പ്പെടുന്നു.

ശ്യാമപ്പൂമെത്ത പഞ്ചൻ
വിശറി മണീ
കീർണ്ണമാം നീലമേലാ-
പ്പോമൽത്തങ്കഗ്ഗ്രളോപ്പീവക
വിഭേശതം
ചേർന്ന കേളീഗൃഹംമേ
പ്രേമത്താലേ സ്വയം തന്നരു
ളിയ പരമോ
ദാര ശീലന്റെ മുമ്പിൽ
കാമത്താൽ കൊച്ചുകൈക്കമ്പി
ളിഹമലർ
ത്തുന്ന ഞാനെത്ര ഭോഷൻ!

അനുഭവസ്പർശം കൊണ്ട ജീവൻ
പകർന്നേ എന്തും എഴുതൂ എന്നൊ
രു നിഷ്ക്കർഷ മഹാകവിക്കുള്ള
തുകൊണ്ട കേരളീയരുള്ളിടത്തെ
ല്ലാം മഹാകവി സ്വാഗതം ചെയ്യ
പ്പെട്ട. രന്തിദേവനും ഹരിശ്ചന്ദ്ര
നും ബുദ്ധനും മുഹമ്മദു നബിയും
ശങ്കരാചാര്യരും ക്രിസ്തുദേവനും ഉ
യർത്തിക്കാട്ടിയ ആദർശങ്ങളെ
അനുസ്മരിപ്പിക്കുന്നേ ഗുരുനാഥ
നായി മഹാത്മഗാന്ധിയെ മഹാ
കവി കരുതി. സാഹിത്യ പരി
ഷത് യോഗങ്ങളിൽ പങ്കുകൊ
ള്ളാതെ സ്വാതന്ത്ര്യ സമ്പാദന വ്യ
ഗ്രമായ കോൺഗ്രസ്സ് സമ്മേള
നങ്ങളിലേക്ക് പോകാൻ മഹാകവി
നിശ്ചയിച്ചത് അതുകൊണ്ടാണ്.

കേരളമെന്ന പേർ കേട്ടാൽ സിര
കളിലോടും ചോര തിളക്കണമെ
ന്ന് പറഞ്ഞ മഹാകവി നമ്മെ ഉ
ടൻ ഓർമ്മിപ്പിക്കുകയാണ്, ഭാര
തമെന്ന പേരേറ്റാർത്താൽ അഭിമാ
ന പൂരിതമാകണം നമ്മുടെ
അന്തരംഗമെന്നു, വൈരുദ്ധ്യങ്ങ
ളെ സമന്വയിച്ച് തികഞ്ഞ സം
ഗീതബോധത്തോടെ, പദ വി
ന്യാസം ചെയ്തിടത്താണ് വള്ള
ത്തോളം തന്റെ ശബ്ദ സൗകുമാ
ര്യം പ്രകടമാക്കിയത് തനിക്കേ
റ്റവും ഇഷ്ടപ്പെട്ട കലാരൂപമായി
രുന്ന കഥകളിയെ പുതിയ പ്രശ
സ്തിയിൽ പുനപ്രതിഷ്ഠിച്ചു. അ
ത്തരം ഒരു മേളക്കൊഴപ്പ്, ഒരു ത
രം പന്തിപ്പൊരുത്തം അല്ല, ഒരു
തരം സംഗീത സൗഭാഗ്യം അനാ
യാസേന വള്ളത്തോളിൽ കൃതികൃ
ത്യതയുണ്ടായതാണ്. എന്റെ ദൃഷ്ടി
യിൽ വള്ളത്തോൾ ശബ്ദ സുന്ദ
രൻ എന്നതിന്റെ ആന്തരാർത്ഥം
മഹാകവിയുടെ ജന്മശതാബ്ദി
യോടനുബന്ധിച്ച് മറ്റ് അന്തർ
ധാര വായനക്കാരോടൊപ്പം ഞാ
നും ആദരാഞ്ജലികൾ അർപ്പി
ക്കുന്നു.

ഒക്ടോബർ 12ാം തീയതി ലോഹ്യാ ജന്മദിനത്തിൽ
'വിചാരവേദി'യുടെ ആദ്യോപഹാരം.

സാമ്പത്തിക ശാസ്ത്രം
മാർക്സിനു ശേഷം

ഡാ: രാം മനോഹർ ലോഹ്യ

പരിഭാഷ: ഫിലിപ്പ് എം. പ്രസാദ്

* ആധുനിക കാലഘട്ടത്തിലെ മാർക്സിസത്തിന്റെ പരാജയ കാരണങ്ങളിലേക്ക് വെളിച്ചംവീശുന്ന ഗഹനമായ സാമ്പത്തിക അപഗ്രഥനം.
* അവികസിത പൂഷിത രാഷ്ട്രങ്ങളിലെ ജനങ്ങളോടുള്ള സമരാഹ്വാനം.
* മാർക്സിസത്തിലെ അശാസ്ത്രീയതകൾക്കെതിരായ കടന്നാക്രമണം.

300 ഓളം പുറങ്ങൾ. വില 12 രൂപാ.

പ്രീ. പബ്ലിക്കേഷൻ സൌജന്യം

ഒക്ടോബർ 5-ാം തീയതിക്കുമുമ്പായി 10രൂപാ അയച്ചു തരുന്നവർക്ക് മൂന്നു രൂപയിലധികം വരുന്ന രജിസ്ട്രേഷൻ ചിലവ് സൌജന്യം.

ഒക്ടോബർ 5-ാം തീയതിക്കുമുമ്പായി 40രൂപാ അയച്ചു തരുന്നവർക്ക് 5 കോപ്പികൾ സൌജന്യമായി രജിസ്റ്റർ ചെയ്തു അയച്ചു തരുന്നു.

ആയിരം കോപ്പികൾ മാത്രം അച്ചടിക്കുന്നു.

വിലാസം – ഫിലിപ്പ് എം. പ്രസാദ്
വഴുതക്കാട്,
തിരുവനന്തപുരം-14.
